# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1197 03/12/2015 ൽ മറുപടിക്ക്

### ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ നിയമനം

**ചോദ്യം**

ശ്രീ.ഇ.ചന്ദ്രശേഖരൻ

(എ) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി ക്ലാർക്ക്, ലൈബ്രറി അസിസ്റ്റന്റ്, മീനിയൽ എന്നീ തസ്തികകൾ അനുവദി ക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ;

(ബി) എൽ.ഡി ക്ലാർക്ക്, ലൈബ്രറി അസിസ്റ്റന്റ് തസ്തികകൾ അനുവദിക്കുമ്പോൾ ഹയർ സെക്കന്ററി വകുപ്പിലെ താഴ്ന്ന ശമ്പള സ്കെയിൽ ജീവനക്കാരായ ലാബ് അസിസ്റ്റന്റുമാർക്ക് പ്രൊമോഷൻ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത തസ്തികകളിലേയ്ക്കായി നേരിട്ടുള്ള നിയമനം, പ്രൊമോഷൻ എന്നീ വ്യവസ്ഥകൾ അനുസരിച്ചാണോ നിയമനം നടത്തുന്നതെന്നും എത്രശതമാനം വീതമെന്നും വ്യക്തമാക്കുമോ;

(ഡി) ഹയർസെക്കന്ററി സ്പെഷ്യൽ സ്കൂളിൽ അനദ്ധ്യാപക തസ്തിക നിയമനത്തിനായി എന്തെങ്കിലും ഭേദഗതികൾ വരുത്തുവാനുണ്ടോ യെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) മുതൽ (ഡി) വരെ

വിവിധ റിട്ട് പെറ്റീഷനുകളിന്മേലുള്ള 05.09.2013-ലെ ബഹു. ഹൈക്കോടതി വിധിയെ തുടർന്ന്, 17.08.2015-ലെ സർക്കാർ ഉത്തരവ് (ജി.ഒ(എം.എസ്)നം.220/2015/പൊ.വി.വ) പ്രകാരം സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ ഒന്നാം ഘട്ടമായി ലോവർ ഡിവിഷൻ ക്ലാർക്ക്, ഫുൾടൈം/പാർട്ട് ടൈം മീനിയൽ തസ്തികകളും രണ്ടാംഘട്ടമായി ഗ്രേഡ്-4 ലൈബ്രേറിയൻ തസ്തികകളും സൃഷ്ടിക്കുന്നതിനുള്ള ഒരു സ്കീം അംഗീകരിച്ചു. ഇത് പ്രായോഗികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ